പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 03.02.2014- ലെ മറുപടിക്ക്

നം. 4127

## ഗുണനിലവാരമില്ലാത്തതും മായം ചേർത്തതുമായ പാൽ വിതരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | ഗുണനിലവാരമില്ലാത്തതും മായം ചേർത്തതുമായ പാൽ വിതരണം ചെയ്താൽ ഗുരുതരമായ കൃത്യമായി കണക്കാക്കി ശിക്ഷ ഉറപ്പാക്കണം എന്ന് ബഹു. സുപ്രീം കോടതി വിധി ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് കൃത്രിമമായി പാൽ നിർമ്മിച്ച് വിതരണം ചെയ്യുന്നത് തടയുവാൻ വേണ്ട കർശന നടപടി സംബന്ധിച്ചാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയിൽ പ്രധാനമായും പരാമർശമുണ്ടായത്. എന്നാൽ ഭക്ഷ്യസുരക്ഷ ഓഫീസർമാരുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി നടന്ന പരിശോധനയെ തുടർന്ന് ശേഖരിച്ച സാമ്പിളുകൾ പ രിശോധിച്ചതിൽ കൃത്രിമ പാൽ ലഭിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| ബി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ? | ബി) | ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരം നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഓണക്കാലം പോലെ സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് അധികമായി പാൽ വരുന്ന കാലയളവിൽ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്. |

**സെക്ഷൻഓഫീസർ**